പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **3809**

19.02.2013 ൽ മറുപടിയ്ക്ക്

## ശ്രീ. പി.ജെ. കുര്യനെതിരെ നടപടി സ്വീകരിക്കാതിരിക്കാനുള്ള ന്യായീകരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | സൂര്യനെല്ലി കേസിൽ രാജ്യസഭ ഉപാധ്യക്ഷൻ ശ്രീ. പി. ജെ. കുര്യനെതിരെ നിയമനടപടികൾ സ്വീകരിക്കാതിരിക്കാനും അന്വേഷണം നടത്താതിരിക്കാനുമുള്ള ന്യായീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | സൂര്യനെല്ലിക്കേസിൽ ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തുന്നത് നിയമപരമായി നിലനിൽക്കില്ലെന്നാണ് ഇതു സംബന്ധിച്ച് ഗവൺമെന്റിനു ലഭിച്ച നിയമോപദേശം. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പല വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പുനരന്വേഷണവും, അന്വേഷണവും നടത്താൻ നിർദ്ദേശം നൽകുകയും, കേസ് ചാർജ് ചെയ്യുകയും ചെയ്തിട്ടുള്ള കേസുകൾ ഏതെല്ലാം ; | (ബി) | പുനരന്വേഷണം നടത്താൻ നിർദ്ദേശം നൽകിയ കേസുകൾ ഇല്ല. തുടരന്വേഷണം നടത്താൻ അനുമതി നൽകിയവ ചുവടെ ചേർക്കുന്നു. 1. അഞ്ചേരി ബേബി വധക്കേസ്, 2. മുള്ളൻചിറയിൽ മത്തായി വധക്കേസ്, 3. മുട്ടുകാട് നാണപ്പൻ വധക്കേസ്, 4. ബാലു @ബാലസുബ്രഹ്മണ്യൻ വധക്കേസ്, 5. കെ.ടി. ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ് |

| | | | |
|---|---|---|---|
| (സി) | ഓരോ കേസിന്റെയും വിശദവിവരം വ്യക്തമാക്കുമോ ; അന്വേഷിക്കാൻ ഉത്തരവിട്ട പ്രസ്തുത കേസുകൾ പുനരന്വേഷിക്കാൻ കാണുന്ന ന്യായീകരണങ്ങൾ എന്തെല്ലാം ; ഓരോ കേസിനെ സംബന്ധിച്ചും വിശദമാക്കുമോ ; പ്രസ്തുത കേസുകളിന്മേൽ ഇപ്രകാരം നിലപാടെടുക്കുന്നതിന് സർക്കാരിന് നിയമോപദേശം തേടേണ്ടതില്ല എന്ന നിലയിൽ നടപടികൾ എടുക്കാൻ പരിഗണിച്ച ഘടകങ്ങൾ, സാഹചര്യങ്ങൾ എന്നിവ വിശദീകരിക്കുമോ ; | (സി) | ഉദിക്കുന്നില്ല. |
| (ഡി) | നിയമം നിയമത്തിന്റെ വഴിക്ക് തന്നെ എന്ന പ്രഖ്യാപിത നിലപാടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.ജെ.കുര്യനെതിരെ അന്വേഷണം നടത്തുന്നതിന് നിയമപരമായി തടസ്സമില്ല എന്ന നിയമജ്ഞരുടെ അഭിപ്രായവും അന്വേഷണം നടത്തിയാൽ തന്നെ നിയമം നിയമത്തിന്റെ വഴിക്കാണ് പോവുക എന്ന സ്ഥിതി നിലനിൽക്കെ ശ്രീ. പി.ജെ. കുര്യനെതിരെ അന്വേഷണത്തിന് നിയമപരമായി തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |
| (ഇ) | പുനരന്വേഷണത്തിന് ഉത്തരവിട്ട കേസുകളിൽ നിയമം നിയമത്തിന്റെ വഴിക്ക് എന്ന തത്വം എപ്രകാരമാണ് നടപ്പിലാക്കിയത് എന്നത് ഓരോ കേസിന്റെയും സാഹചര്യത്തിലൂടെ വ്യക്തമാക്കുമോ ? | (ഇ) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ